## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1575 04.10.2016 - ലെ മറുപടിക്ക്

ചോദ്യം ഉത്തരം

ശ്രീ. പി.സി.ജോർജ്ജ്

ഡോ. ടി.എം. തോമസ് ഐസക്
ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി

<u>സാമ്പത്തിക പ്രതിസന്ധി</u>

| | | |
|---|---|---|
| (എ) | കഴിഞ്ഞ സർക്കാരിന്റെ സാമ്പത്തിക കെടുകാര്യസ്ഥത മൂലം എന്തൊക്കെ സാമ്പത്തിക പ്രതിസന്ധികളാണ് പുതിയ സർക്കാർ നേരിടേണ്ടിവന്നതെന്ന് വിവരിക്കാമോ? | സംസ്ഥാനം അതീവ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയെ അഭിമുഖീകരിക്കുകയാണ്. മുൻസർക്കാർ അധികാരം ഒഴിയുമ്പോൾ 24.05.2016-ൽ 1009.30 കോടി രൂപ മാത്രമാണ് ട്രഷറി ബിൽ ഹോൾഡിംഗ്സ് ഉണ്ടായിരുന്നത്. എന്നാൽ 31.05.2016ലെ പുതുക്കിയ വകുപ്പ്തല കണക്കുകൾ പ്രകാരം വിവിധ സാമൂഹ്യസുരക്ഷാ പെൻഷനുകളുടെ കുടിശ്ശിക 1505.49 കോടി രൂപയായിരുന്നു. കൂടാതെ വിവിധ വകുപ്പുകൾക്കും മറ്റും കൊടുത്തുതീർക്കാനുള്ള ബില്ല് 1431 കോടി രൂപ, കരാറുകാർക്ക് കുടിശ്ശിക ഇനത്തിൽ കൊടുത്തുതീർക്കുവാനുള്ളത് 1775.59 കോടി രൂപ വെയ്സ് & മീൻസ് – ട്രഷറി ക്യൂവിൽ കൊടുത്തു തീർക്കേണ്ട 800 കോടി രൂപ തുടങ്ങിയവയുൾപ്പെടെ 5780 കോടി രൂപ അടിയന്തിരമായി കൊടുത്തുതീർക്കേണ്ട ബാധ്യതയായുണ്ടായിരുന്നു. മാത്രമല്ല വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ, ക്ഷേമനിധികൾ, ബോർഡുകൾ തുടങ്ങിയവയിൽ നിന്നും 1365 കോടി രൂപയും സ്ഥിരനിക്ഷേപമായി സമാഹരിച്ചിരുന്നു. ഇതുകൂടി ചേർത്താലുള്ള 7145 കോടിയില്പരം രൂപയുടെ ബാധ്യതയാണ് മുൻ സർക്കാരിന്റെ സാമ്പത്തിക കെടുകാര്യസ്ഥതമൂലം പുതിയ സർക്കാരിന് അഭിമുഖീകരിക്കേണ്ടിവന്നതും സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധിക്ക് ആക്കംകൂട്ടിയതും. ഇപ്രകാരം സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥക്കേറ്റ ആഘാതം പരിഹരിക്കുന്നതിനുള്ള ഊർജ്ജിത ശ്രമങ്ങളാണ് പുതിയ സർക്കാരിന്റെ ഭാഗത്ത് നിന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. |
| ബി | മുൻ സർക്കാരിന്റെ ഭരണം അവസാനിക്കുമ്പോൾ ട്രഷറിയിലെ സാമ്പത്തിക സ്ഥിതി എന്തായിരുന്നു എന്ന് വിവരിക്കുമോ? | |

**സെക്ഷൻ ഓഫീസർ**